**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന വകുപ്പ് – മത്സ്യത്തൊഴിലാളികളായ പെർമിറ്റ് ഉടമകൾക്ക് വെള്ള മണ്ണെണ്ണ സബ്സിഡി നിരക്കിൽ അനുവദിക്കുന്നതിനുള്ള പദ്ധതി – ഭരണാനുമതിയും തുക റിലീസ് ചെയ്യുന്നതിനുള്ള അനുമതിയും നൽകി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ബി)**

**വകുപ്പ്**

**സ.ഉ.(സാധാ) നം.883/2018/മ.തു.വ** തീയതി,തിരുവനന്തപുരം, 07/11/2018

---

പരാമർശം:– 1 19.08.2014 ലെ സ.ഉ(സാധാ) നം. 722/2014/മതുവ സർക്കാർ ഉത്തരവ്.

2 ഫിഷറീസ് ഡയറക്ടറുടെ 22.08.2018 ലെ ജി1/22358/11(3) നം. കത്ത്.

**<u>ഉത്തരവ്</u>**

മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ വെള്ള മണ്ണെണ്ണ വിതരണം ചെയ്യുന്നതിന് കേരളത്തിലെ തീരപ്രദേശങ്ങളിൽ 1 3 മണ്ണെണ്ണ ബങ്കുകൾ സ്ഥാപിക്കുന്നതിന് പരാമർശം ( 1 ) സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. 2018-19 സാമ്പത്തിക വർഷത്തിൽ 2405-00-103-84-33(NP) എന്ന ശീർഷകത്തിൽ 51.25 കോടി രൂപ വകയിരുത്തിയിട്ടുണ്ട് എന്നും ഇതിന്റെ ആദ്യ ഗഡുവായി 2018 ഏപ്രിൽ, മെയ് മാസങ്ങളിലെ സബ്സിഡി തുക വിതരണം ചെയ്യുന്നതിന് 12 കോടി രൂപ അനുവദിക്കുന്നതിനും ടി തുക മൽസ്യഫെഡിന് റിലീസ് ചെയ്തു സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ട് നമ്പർ 701011400000250 ലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കണമെന്ന പരാമർ ശം (2) കത്ത് പ്രകാരം ഫിഷറീസ് ഡയറക്ടർ അനുമതി ആവശ്യപ്പെട്ടിരുന്നു.

2) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. '2405-00-103-84-33(NP) Distribution of Kerosene to Fisherman Subsidies' എന്ന ശീർഷകത്തിൽ നിന്നും മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിന് സബ്സിഡി നിരക്കിൽ വെള്ള മണ്ണെണ്ണ വിതരണം ചെയ്യുന്നതിന് ആദ്യ ഗഡുവായി 2018 ഏപ്രിൽ മെയ് മാസങ്ങളിലെ സബ്സിഡി തുക വിതരണം ചെയ്യുന്നതിലേക്കായി 1 2 കോടി രൂപ (പന്ത്രണ്ടു കോടി രൂപ മാത്രം) റിലീസ് ചെയ്യുന്നതിനും, ടി തുക മത്സ്യഫെഡിന്റെ സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ട് നമ്പർ 701011400000250 ലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നൽകുന്നതിനും അനുമതി നൽകി

ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**കെ.ആര്.ജ്യോതിലാല്**

**പ്രിന്സിപ്പല് സെക്രട്ടറി**

പകർപ്പ്

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, മത്സ്യഫെഡ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (18.01.2018 ലെ DEV-2/59/2018-ധന പ്രകാരം)

ഡയറക്ടർ, വിവര പൊതുജനസമ്പർക്ക വകുപ്പ്. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ